**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4139** **17-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. അവശേഷിക്കുന്നവ പരിശോധിച്ച് വരുന്നു. |
| (ബി) | കെട്ടിട നിർമ്മാണ ചട്ടത്തിൽ ജനോപകാരപ്രദമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സംസ്ഥാനത്ത് നടത്തിയ തദ്ദേശ അദാലത്തിൽ ലഭിച്ച അപേക്ഷകളും മറ്റും പരിഗണിച്ച് കെട്ടിട നിർമ്മാണചട്ടങ്ങളിൽ സമഗ്രമായ ഭേദഗതി വരുത്തുന്നതിനായി 12.11.2024-ലെ സ.ഉ.(സാധാ) നം.2162/2024-LSGD നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട വ്യവസായ-വാണിജ്യ മേഖലയെ സംബന്ധിച്ച ചട്ടങ്ങളിൽ നടത്തിയ കാലോചിതമായ പരിഷ്കാരങ്ങളെപ്പറ്റി വിശദമാക്കുമോ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വ്യവസായ സൗഹൃദമാക്കുന്നതിന് ലൈസൻസ് ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള കരട് ചട്ടങ്ങൾ പരിശോധിച്ചു വരികയാണ്. |
| (ഡി) | പഞ്ചായത്തുകളിൽക്കൂടി കെ-സ്മാർട്ട് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ഡി) | കെ-സ്മാർട്ട് ആപ്ലിക്കേഷൻ ഗ്രാമപഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന്റെ ഭാഗമായുള്ള പൈലറ്റ് ലോഞ്ച് തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ 1/01/2025 മുതൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലും, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലും 2025 മാർച്ച് മാസത്തിൽ തന്നെ പൈലറ്റ് ലോഞ്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനു തുടർച്ചയായി 2025 ഏപ്രിൽ മുതൽ 940 ഗ്രാമപഞ്ചായത്തുകളിലും, 152 |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്തുകളിലും, 14 ജില്ലാ പഞ്ചായത്തുകളിലും കെ-സ്മാർട്ട് വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമായ മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ഇ) | 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതികൾ കൊണ്ടുവരുന്നതിനായി തയ്യാറാക്കിയിട്ടുള്ള കരട് ചട്ടങ്ങൾ പരിശോധിച്ചു വരികയാണ്. |
| (എഫ്) | നിലവിൽ പുതിയ കാലത്തെ പല സംരംഭങ്ങൾക്കും ലൈസൻസ് നൽകാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ ആയത് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; | (എഫ്) | 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതികൾ കൊണ്ടുവരുന്നതിനായി തയ്യാറാക്കിയിട്ടുള്ള കരട് ചട്ടങ്ങൾ പരിശോധിച്ചു വരികയാണ്. |
| (ജി) | കുടിൽ വ്യവസായങ്ങൾക്കും വീട്ടുകളിലെ മറ്റ് വാണിജ്യ സേവന പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകാൻ വ്യവസ്ഥയില്ലാത്ത സാഹചര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ജി) | 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതികൾ കൊണ്ടുവരുന്നതിനായി തയ്യാറാക്കിയിട്ടുള്ള കരട് ചട്ടങ്ങൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ